No. RCS/685/2025-G(4)

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
ജവഹർ സഹകരണ ഭവൻ,
ഡി.പി.ഐ.ജംഗ്ഷൻ, തിരുവനന്തപുരം- 695014,
തീയതി, 27.01.2025
**website: cooperation.kerala.gov.in**
**Email : keralarcs.coop@kerala.gov.in**
**Tel : 0471-2330825**

## സർക്കുലർ നമ്പർ 04/2025

വിഷയം:- സഹകരണ വകുപ്പ്-കേരള സംസ്ഥാന സഹകരണ ഓംബുഡ്സ്മാൻ ആഫീസ്-പരാതി പരിഹരണം -ബോർഡുകൾ പ്രദർശിപ്പിക്കുന്നത്-സംബന്ധിച്ച്.

പരാമർശം :- കേരള സഹകരണ ഓംബുഡ്സ്മാൻ സെക്രട്ടറി/ഡെപ്യൂട്ടി രജിസ്ട്രാറുടെ 01/01/2025 -ലെ കത്ത്.

കേരള സഹകരണനിയമം ഭേദഗതി 2023, വകുപ്പ് 69 A (1) വരുത്തിയ ഭേദഗതി പ്രകാരം എല്ലാ തരത്തിലുള്ള സംഘങ്ങളിലേയും ബാങ്കിംഗ് സംബന്ധമായതും ബാങ്കിംഗ് ഇടപാടുകൾ സംബന്ധിച്ചതുമായ എല്ലാ പരാതികളുടെയും പരിഹരണത്തിനായി സഹകരണ ഓംബുഡ്സ്മാനെ സമീപിക്കാവുന്നതാണെന്ന് നിർദ്ദേശിക്കുന്നുണ്ട്.

കേരള സഹകരണ ഓംബുഡ്സ്മാൻ പദ്ധതി 2010-ലെ അദ്ധ്യായം 4-ലെ 14-ാം ഖണ്ഡികയിൽ എല്ലാ സംഘങ്ങളും സഹകരണ ഓംബുഡ്സ്മാന്റെ പേരും മേൽവിലാസവും ആഫീസ് സന്ദർശിക്കുന്നവർക്ക് വ്യക്തമായി മനസ്സിലാക്കുന്ന രീതിയിൽ പ്രദർശിപ്പിക്കുന്ന പരസ്യബോർഡുകൾ സ്ഥാപിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ പല സംഘങ്ങളിലും ഇപ്രകാരം ബോർഡുകൾ പ്രദർശിപ്പിക്കുന്നതായി കാണുന്നില്ല. ടി സാഹചര്യത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ വരുന്ന ബാങ്കിംഗ് ഇടപാടുകൾ നടത്തുന്ന എല്ലാ സംഘങ്ങളിലും/ബാങ്കുകളിലും അവയുടെ ബ്രാഞ്ചുകളിലും, സഹകരണ ഓംബുഡ്സ്മാന്റെ പേരും മേൽവിലാസവും അടങ്ങിയ ബോർഡുകൾ [2½feetX1½feet]ആ സ്ഥാപനം സന്ദർശിക്കുന്നവരുടെ ശ്രദ്ധയിൽപെടുന്ന വിധം നീല പ്രതലത്തിൽ വെള്ള അക്ഷരത്തിൽ ചുവടെ ചേർക്കും പ്രകാരം എഴുതി സ്ഥാപിക്കുവാൻ നിർദ്ദേശിക്കുന്നു.

ഡെപ്യൂട്ടി രജിസ്ട്രാർ/സെക്രട്ടറി

കേരള സഹകരണ ഓംബുഡ്സ്മാൻ ആഫീസ്,

9-ാം നില, ജവഹർസഹകരണഭവൻ,

തൈക്കാട് പി.ഒ, ജഗതി,

തിരുവനന്തപുരം.

ഫോൺ- 0471-2464046

എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാരും ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാരും അതാതു ജില്ലയിലെ സഹകരണ സംഘങ്ങളിലും ശാഖകളിലും മേൽ നിർദ്ദേശം പാലിച്ചുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(ഒപ്പ്)

ഡോ.ഡി സജിത് ബാബു ഐ എ എസ്

സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ് : 1.ആഡിറ്റ് ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടേറ്റ്

2. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും
3. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
4.എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ)/ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മുഖേന)
5. എല്ലാ സഹകരണ സംഘങ്ങൾക്കും ജോയിന്റ് രജിസ്ട്രാർ (ജനറൽ)മുഖേന.
6. എഡിറ്റർ, സഹകരണ വീഥി
7. വെബ് സൈറ്റ്
8. സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ്)